# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2306    10-10-2011 ൽ മറുപടിയ്ക്ക്**

**വയനാട്ടിലെ ആദിവാസികളുടെ വികസനവും പുനരധിവാസവും**

**ചോദ്യം**    **ഉത്തരം**

ശ്രീ. വി.ശശി    ശ്രീമതി. പി.കെ ജയലക്ഷ്മി
(പട്ടിക വർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാ കളും മൃഗശാലകളും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) വയനാട്ടിലെ ആദിവാസികളുടെ വികസനവും പുനരധിവാസവും ജില്ലയുടെ പരിസ്ഥിതി സംരക്ഷണവും ലക്ഷ്യമാക്കി തയ്യാറാക്കിയ 1532 കോടിരൂപയുടെ പദ്ധതിയിലെ പ്രധാന ഘടകങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ: | പദ്ധതിയിലെ പ്രധാനഘടകങ്ങൾ താഴെ ചേർത്തിരിക്കുന്നു<br>(എ) സർവ്വേ,ആസൂത്രണം, രൂപരേഖ തയ്യാറാക്കൽ<br>1. കുടുംബ വിവരശേഖരണം<br>2. ഗ്രാമ പങ്കാളിത്ത പഠനം<br>3. മൈക്രോപ്ലാൻ തയ്യറാക്കൽ<br>(ബി) ആദിവാസി ഭൂവികസനം<br>1. കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും<br>2. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ<br>3. ജലസേചനം<br>(സി) പ്രകൃതി വിഭവങ്ങളുടെ പരിപോഷണവും നദീതട സംരക്ഷണവും.<br>1. വനത്തിന്റെ പ്രകൃതിദത്തമായ വളർച്ചയെ പരിപോഷിപ്പിക്കൽ.<br>2. ജൈവസംരക്ഷണ മേഖലയുടെ പരിപാലനവും അഗ്നിപ്രതിരോധ പ്രവർത്തനങ്ങളും<br>3. മുള, ചൂരൽ മുതലായവ വെച്ചുപിടിപ്പിക്കലും സംരക്ഷണവും<br>4. മണ്ണ്, ജല സംരക്ഷണം<br>5. വനേതര വിഭവങ്ങളുടെ സംരക്ഷണം<br>6. ഔഷധ സസ്യങ്ങൾ വെച്ചുപിടിപ്പിക്കലും സംരക്ഷണവും<br>7. ഇക്കോ ടൂറിസം പ്രോത്സാഹനം<br>(ഡി) കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം<br>1. വീടുകളുടെ നിർമ്മാണം<br>2. ഊരുപാതകളുടെ നിർമ്മാണം<br>3. തൂക്കുപാലങ്ങൾ |

| | |
|---|---|
| | 4. കുടിവെള്ള സൗകര്യം<br>5. ഊർജ്ജ സുരക്ഷ<br>6. സൗരോർജ്ജ വിളക്കുകൾ<br>7. ബയോഗ്യാസ് പ്ലാന്റ്<br>8. സാമൂഹ്യ വിഭവ കേന്ദ്രങ്ങൾ<br>9. ശുചിത്വവും ആരോഗ്യ പരിപോഷണവും<br>(ഇ) വനവത്കരണവും വന സംരക്ഷണ പ്രവർത്തനങ്ങളും<br>1. സുസ്ഥിര ജീവിനോപാധി മെച്ചപ്പെടുത്തൽ<br>2. വരുമാനദായക പ്രവർത്തനങ്ങൾ<br>3. വനവിഭവങ്ങളുടെ ശേഖരണവും സംസ്കരണവും വിപണനവും<br>4. തൊഴിൽ ലഭ്യത ഉറപ്പാക്കൽ<br>(എഫ്) പശ്ചാത്തല സൗകര്യ വികസനം<br>1. ഓഫീസ് കെട്ടിടം<br>2. പരിശീലന കേന്ദ്രങ്ങൾ<br>3. പ്രൊജക്റ്റ് സപ്പോർട്ടിംഗ് യൂണിറ്റുകൾ<br>4. മറ്റ് അനുബന്ധ ഭൗതിക സാഹചര്യ വികസനം<br>(ജി) മാനവ വിഭവ ശേഷി വികസനം<br>1. ഊരുക്കൂട്ടങ്ങളുടെ ശാക്തീകരണം<br>2. ജനകീയ സമിതികളുടെ ശാക്തീകരണം<br>3. പ്രചരണ ബോധവത്കരണം<br>4. പഠന യാത്രകൾ<br>5. പരിസ്ഥിതി ക്ലാസുകൾ<br>6. ലിംഗ സമത്വം, ലിംഗ നീതി ഉറപ്പുവരുത്തൽ<br>7. വിദ്യാഭ്യാസ വികസനം<br>8. ആദിവാസി കലകളുടെ പരിപോഷണം<br>9. കലാകായിക വികസന ം<br>10. ശില്പശാലകൾ<br>11. പരിസ്ഥിതി സാക്ഷരത<br>12. പാരമ്പര്യ വൈദ്യ പുനരുജ്ജീവനം<br>(എച്ച്) ആരോഗ്യ പരിപോഷണം<br>1. ആരോഗ്യമേഘലയിലെ അടിസ്ഥാന സൗകര്യ വികസനം<br>2. സഞ്ചരിക്കുന്ന ലഹരി വിമുക്തകേന്ദ്രങ്ങൾ<br>3. സംയോജിത ശിശു വികസന കേന്ദ്രങ്ങളുടെ പരിപോഷണം<br>(ഐ) പ്രചരണവും ബോധവത്കരണവും |

| | |
|---|---|
| (ബി) ഈ പദ്ധതിക്ക് ജാപ്പനീസ് സഹായം ലഭ്യമാക്കാൻ കേന്ദ്ര ധനവകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ: | (ബി) ഈ പദ്ധതി കേന്ദ്ര ധനകാര്യ വകുപ്പിന്റെ കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക് അഫയേഴ്സിന്റെ (DEA) പരിഗണനയിലാണ്. |
| സി) എങ്കിൽ ജാപ്പനീസ് സഹായത്തോടെ എന്ന് മുതൽ പദ്ധതി നടപ്പാക്കാനാകും എന്ന് വ്യക്തമാക്കുമോ? | സി) കേന്ദ്ര അനുമതിയും ഫണ്ടിംഗ് ഏജൻസിയായ ജപ്പാൻ ഇന്റർ നാഷണൽ കോർപ്പറേഷന്റെ (JICA) അനുമതിയും ലഭിക്കുന്ന മുറക്ക് പദ്ധതി നടപ്പിലാക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ.